പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1637 — 11.08.2017 ൽ മറുപടിക്ക്

## സർവീസ് സമയക്രമം പാലിച്ച് ബോട്ടുകൾ ഓടിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | യാത്രക്കാരുടെ തിരക്ക് ഏറ്റവുമധികമുള്ള രാവിലെ സമയത്ത് എറണാകുളത്തു നിന്നും ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി എന്നിവിടങ്ങളിലേക്കുള്ള ജലഗതാഗതവകുപ്പിന്റെ ബോട്ടു സർവ്വീസുകൾ പതിവായി മുടങ്ങുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യാത്രക്കാരുടെ തിരക്ക് കൂടുതലുള്ള സമയങ്ങളിൽ തിരക്ക് നിയന്ത്രിക്കുന്നതിനായി പരമാവധി സർവ്വീസുകൾ വകുപ്പ് നടത്തുന്നുണ്ട്. പെട്ടെന്നുണ്ടാകുന്ന സാങ്കേതിക തകരാറുമൂലം ചില സമയങ്ങളിൽ ട്രിപ്പുകൾ മുടങ്ങാറുണ്ട്. ആയത് അപ്പോൾ തന്നെ പരിഹരിച്ചിട്ടുള്ളതുമാണ്. തകരാറുകൾ തക്കസമയത്ത് തന്നെ പരിഹരിക്കുന്നതിനായി ഏറ്റവും സീനിയറായ ഫോർമാനെ ഉൾപ്പെടുത്തി എറണാകുളം മെക്കാനിക്കൽ വിഭാഗത്തെ വിപുലീകരിച്ചിട്ടുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന 14 ബോട്ടുകൾക്ക് പകരം പുതിയ ബോട്ടുകൾ വാങ്ങുന്നതിനു അനുമതി ലഭിച്ചതിനെ തുടർന്ന് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് 4.3.2017 ൽ ഫോർട്ട്കൊച്ചി സബ് കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ ; | (ബി) യോഗം ചേർന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗത്തിൽ 13.8.2013 മുതൽ നടപ്പിലാക്കിയ സമയക്രമമനുസരിച്ച് ബോട്ടുകൾ പശ്ചിമ കൊച്ചിയിലേക്ക് സർവീസ് നടത്തണമെന്ന് തീരുമാനിച്ചിരുന്നോ; | (സി) വകുപ്പിന്റെ സർവ്വിസിലെ ട്രിപ്പുകൾ മുടക്കം കൂടാതെ നടത്തുന്നതിന് തീരുമാനിച്ചു. |
| (ഡി) | എങ്കിൽ 13.8.2013 മുതൽ നടപ്പിലാക്കിയ സർവീസ് സമയക്രമം പാലിച്ചു ബോട്ടുകൾ ഓടിക്കുന്നതിനു നടപടി സ്വീകരിക്കുമോ ; | (ഡി) വകുപ്പിന്റെ അംഗീകൃത ഷെഡ്യൂൾ സമയക്രമം പാലിച്ചാണ് വകുപ്പ് ബോട്ടുകൾ എറണാകുളം മേഖലയിൽ സർവ്വീസ് നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ